# കേരള കൃഷി വകുപ്പ്

## ദർഘാസ് പരസ്യം

നം. എഇ(2)286 /11

~~22.12.2012.~~

തീയതി 22/12/11

കേരള ഗവർണ്ണർക്കു വേണ്ടി കൊല്ലം കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ താഴെ പറയുന്ന പ്രവർത്തികൾക്ക് അംഗീകൃത കരാറുകാരി നിന്നും മത്സര സ്വഭാവമുള്ള ദർഘാസുകൾ മുദ്രവെച്ച കവറുകളിൽ ക്ഷണിച്ചു കൊള്ളുന്നു.

കവറിന്റെ പുറത്ത് പ്രവർത്തിയുടെ പേര് എഴുതിയിരിക്കേണ്ടതാണ്. ദർഘാസുകൾ *20.01.2012* വൈകുന്നേരം *3.00* മണിവരെ ഈ ഓഫീസിൽ സ്വീകരിക്കുന്നതും അന്നേദിവസം വൈകുന്നേരം *3.30* ന് ഹാജരുള്ള കരാറുകാരുടേയോ അവർ രേഖാമൂലം അധികാരപ്പെടുത്തുന്ന ഏജന്റുമാരുടേയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമാണ്. പ്രസ്തുത ദിവസം ഏതെങ്കിലും കാരണവശാൽ അവധി ദിവസം ആയിരുന്നാൽ അടുത്ത ദിവസം മുകളിൽപറഞ്ഞ വ്യവസ്ഥയിലും സമയത്തും തുറക്കുന്നതാണ്. പ്രവർത്തിയെ സംബന്ധിക്കുന്ന വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രവർത്തിയുടെ പേരും അടങ്കൽ തുകയും | നിരത ദ്രവ്യം | ടെണ്ടർ ഫാറത്തിന്റെ വില | പണിതീർക്കേണ്ട കാലാവധി |
|---|---|---|---|---|
| 1. | കൊല്ലം കുരീപ്പുഴ അസിസ്റ്റന്റ് എക്സി. എഞ്ചിനീയറുടെ കാര്യാലയത്തിന്റെ അടിസ്ഥാന സൗകര്യ വിപുലീകരണം. അടങ്കൽ തുക: 11,00,000/- | 27,500 | 1700 + VAT | 2 മാസം. |
| 2. | കൊട്ടാരക്കര കാഷ്യുഫാമിൽ ചുറ്റുമതിലും ഗേറ്റും സ്ഥാപിക്കൽ. അടങ്കൽ തുക ; 1,00,000/- | 2500 | 200+ VAT | 2 മാസം. |
| 3 | കൊട്ടാരക്കര കാഷ്യുഫാമിൽ ഷേയിഡ് ഹൗസ് നിർമ്മാണം. അടങ്കൽ തുക: 2,15,000/- | 5500 | 500+ VAT | 2 മാസം. |
| 4. | കൊട്ടാരക്കര കാഷ്യുഫാമിൽ ജലസേചന കിണർ നിർമ്മാണം. അടങ്കൽ തുക: 90,000/- | 2,250 | 200+VAT | 2 മാസം. |

ദർഘാസ് പ്രമാണം കൊല്ലം കുരീപ്പുഴയിലുള്ള കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും പകൽ 1 മണിവരെ ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷകൾ സമർപ്പിക്കേണ്ടതും നിശ്ചിത വിൽപ്പന നികുതിയടക്കം ഈ ഓഫീസിൽ അടച്ച് രസീതു വാങ്ങേണ്ടതുമാണ്. ദർഘാസ് പ്രമാണത്തിന്റെ അധിക പകർപ്പിന് വിൽപ്പന നികുതിയടക്കം പ്രത്യേക വില അടയ്ക്കേണ്ടതാണ്. ദർഘാസ് പത്രികയുടെ വില യാതൊരു കാരണവശാലും മടക്കി കൊടുക്കുന്നതല്ല. ദർഘാസ് പത്രിക അംഗീകൃത കരാറുകാർക്ക് മാത്രം ലഭിക്കുന്നതും ആയത് കൈമാറ്റം ചെയ്യാൻ പാടില്ലാത്തതുമാണ്. **അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി)** എന്ന പേരിലടച്ച നിശ്ചിത തുകയുടെ ബാങ്ക് ഡ്രാഫ്റ്റ് നിരത ദ്രവ്യമായി ദർഘാസിനൊപ്പം സമർപ്പിക്കേണ്ടതാണ്. നിശ്ചിത ദ്രവ്യം ഇല്ലാത്തതും താമസിച്ച് ലഭിക്കുന്നതുമായ ദർഘാസുകൾ നിരസിക്കുന്നതുമാണ്. ദർഘാസിനൊപ്പം പ്രാഥമിക കരാർ **100.00** രൂപ മുദ്രപത്രത്തിൽ നിശ്ചിത ഫാറത്തിൽ പൂരിപ്പിച്ച് സമർപ്പിക്കേണ്ടതാണ്. പൊതുമരാമത്ത് വകുപ്പിൽ ദർഘാസുകളെ സംബന്ധിക്കുന്ന എല്ലാ നിബന്ധനകളും ഈ ദർഘാസിനും ബാധകമാണ്.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ(കൃഷി)

കൊല്ലം 3.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ(കൃഷി) യുടെ കാര്യാലയം.
കാവനാട് പി.ഒ, കൊല്ലം-3 ഫോൺ: 2795434